## 29.07.2021 രാവിലെ 11 മണിക്ക് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ഓൺലൈനായി കൂടിയ ജില്ലാതല എക്സ്പോർട്ട് പ്രൊമോഷൻ കമ്മറ്റിയുടെ മിനിട്സ്

ഹാജർ:-

1) ശ്രീമതി ഡോ.പി.കെ ജയശ്രീ, ഐ.എ.എസ് ജില്ലാ കളക്ടർ, കോട്ടയം

2) ശ്രീ കെ.എം. ഹരിലാൽ ITS, ജോയിന്റ് ഡയറക്ടർ ഓഫ് ഫോറിൻ ട്രേഡ്, കൊച്ചി

3) ശ്രീമതി.കത്രീനാമ്മ സെബാസ്റ്റ്യൻ , ഡെപ്യൂട്ടി ഡയറക്ടർ MSMEDI, തൃശ്ശൂർ

4) ശ്രീമതി.എം.വി ലൗലി,ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, കോട്ടയം

5) ശ്രീ.രാജീവ്.എം.സി,ഫെഡറേഷൻ ഓഫ് ഇൻഡ്യൻ എക്സ്പോർട്ട്ഓർഗനൈസേഷൻ

കൊച്ചി

6) ശ്രീ. മോഹൻകുമാർ, റബ്ബർബോർഡ്

7) ശ്രീ.വിനോദ്കുമാർ, ലീഡ് ഡിസ്ട്രിക്ട് മാനേജർ

8) ശ്രീ. സേവ്യർ തോമസ്, കൊണ്ടോടി, പ്രസിഡന്റ്, പൂവൻതുരുത്ത്, ഡി.പി അസോസിയേഷൻ, കോട്ടയം

ജില്ലാതല എക്സ്പോർട്ട് പ്രൊമോഷൻ കമ്മറ്റിയുടെ രണ്ടാമത് മീറ്റിംഗ് 29.07.2021 രാവിലെ 10.30 - ന് ചെയർ പേഴ്സണായ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ഗൂഗിൾ മീറ്റ് വഴി ചേർന്നു. ചെയർ പേഴ്സൺ ഏവരെയും സ്വാഗതം ചെയ്തു. കമ്മറ്റിയുടെ കോ ചെയർ പേഴ്സണായ Joint Director of Foreign Trade, ശ്രീ.കെ.എം.ഹരിലാൽ ITS, ആമുഖപ്രസംഗം നടത്തി. ഓരോ ജില്ലയെയും ഓരോ പ്രത്യേക പ്രോഡക്ടിന്റെ Export Hub ആക്കി മാറ്റണമെന്ന് അദ്ദേഹം സൂചിപ്പിച്ചു. District Export Plant -ന്റെ കരട് തയ്യാറാക്കിയിട്ടുള്ളതായും ആയത് മീറ്റിംഗിൽ അംഗീകരിക്കേണ്ടതുണ്ട് എന്നും അറിയിച്ചു.

4.1.2021 – ൽ നടന്ന ജില്ലാതല എക്സ്പോർട്ട് പ്രൊമോഷൻ കമ്മറ്റിയുടെ പ്രഥമ യോഗത്തിൽ ഒരു എക്സ്പോർട്ട് പ്രൊമേഷൻ സബ്കമ്മറ്റി രൂപീകരിച്ചതായും സബ്കമ്മറ്റി അംഗങ്ങൾ ചർച്ച ചെയ്ത് തയ്യാറാക്കിയ കരട് എക്സ്പോർട്ട് പ്രൊമോഷൻ പ്ലാൻ 1.7.21 – ൽ ചേർന്ന സബ് കമ്മറ്റി യോഗത്തിൽ അംഗീകരിച്ചതായും, ഇനി വരുന്ന directions അനുസരിച്ച് കരട് പ്ലാനിൽ മാറ്റം വരുത്താവുന്നതാണ് എന്നും കോട്ടയം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ അറിയിച്ചു.

തുടർന്ന് ശ്രീ.രാകേഷ്. വി.കെ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, കോട്ടയം കരട് എക്സ്പോർട്ട് പ്രമോഷൻ പ്ലാൻ അവതരിപ്പിച്ചു. ടി പ്ലാനിൽ വരുത്തേണ്ട മാറ്റങ്ങൾ, കൂട്ടിച്ചേർക്കലുകൾ

എന്നിവ ചർച്ച ചെയ്തു.

ജില്ലയിലെ പൂവൻതുരുത്ത് വ്യവസായ വികസന പ്ലോട്ടിൽ റബ്ബർ മാറ്റ് എക്സ്പോർട്ട് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട് എന്നും എന്നാൽ ഡി.പി-യിലെ സ്ഥലപരിമിതി മൂലം കണ്ടെയ്നറുകൾ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യം ഇല്ലായെന്നും ടി പ്രശ്നം ലോഡിംഗ് & അൺലോഡിംഗ് പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുവെന്നും പൂവൻതുരുത്ത് ഡി.പി അസോസിയേഷൻ പ്രസിഡന്റ് അറിയിച്ചു. ഡി.പി പൂവൻതുരുത്തിൽ ഇപ്പോൾ vacant സ്ഥലം ഇല്ലായെന്നും,എന്നാൽ സമീപത്തുള്ള Market Fed – ന്റെ സ്ഥലം ഒഴിഞ്ഞു കിടക്കുകയാണ് എന്ന് അറിയിച്ചു. ടി സ്ഥലം Lease/ R e n t വ്യവസ്ഥയിൽ എടുത്ത് സംരംഭകർക്ക് വാടക അടിസ്ഥാനത്തിൽ നൽകുന്ന രീതി പരിശോധിക്കണമെന്ന് ശ്രീ. കെ.എം ഹരിലാൽ ITS അഭിപ്രായപ്പെട്ടു.

കോട്ടയം പോർട്ടിലെ സൗകര്യങ്ങൾ എക്സ്പോർട്ട് പ്രൊമോഷന് വേണ്ടി ഉപയോഗിക്കണമെന്ന് ഡി.പി അസോസിയേഷൻ പ്രസിഡന്റ് അറിയിച്ചു.

റബ്ബർ ബോർഡിന്റെ ആഭിമുഖ്യത്തിൽ ഒരു Online exhibition Portal ഉടൻ തന്നെ തുടങ്ങുന്നുവെന്നും ജില്ലയിലെ ഉത്പന്നങ്ങൾക്കു കൂടുതൽ വിപണനം ടി വെർച്വൽ എക്സിബിഷൻ സൈറ്റ് മുഖേന സാധിക്കുമെന്ന് റബ്ബർ ബോർഡിനെ പ്രതിനിധീകരിച്ച് ശ്രീ.മോഹൻകുമാർ അറിയിച്ചു.

HNL വെള്ളൂരിന്റെ സ്ഥലം ഏറ്റെടുത്ത് റബ്ബർ പാർക്ക് തുടങ്ങുമെന്നുള്ള സർക്കാർ തീരുമാനത്തിൽ എത്രയും പെട്ടന്ന് നടപടികൾ ആരംഭിക്കണമെന്ന് KSSIA പ്രസിഡന്റ്, ശ്രീ. രാജീവ്. M.C, FIEO എന്നിവർ അഭിപ്രായപ്പെട്ടു. ആയത് സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തുന്നതാണെന്ന് കളക്ടർ അറിയിച്ചു. കോട്ടയം പോർട്ടിലൂടെയുള്ള എക്സ്പോർട്ട് കണ്ടെയ്നറുകൾ വഴിയുള്ള ചരക്കുനീക്കത്തെ ത്വരിതപ്പെടുത്തുമെന്നും. റോഡ് മാർഗം വഴിയുള്ള ബുദ്ധിമുട്ടുകൾക്ക് പരിഹാരമാകുമെന്നും അറിയിച്ചു.

ജില്ലയിലുള്ള ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾക്ക് പ്രത്യേകം കമ്മറ്റികൾ രൂപീകരിക്കണമെന്നും ഇൻഡസ്ട്രിയൽ ലാന്റ് സംരംഭകർക്ക് വാടകയിനത്തിൽ നൽകുന്ന രീതിയിലേയ്ക്ക് മാറണമെന്നും ശ്രീ.കെ.എം. ഹരിലാൽ ITS അഭിപ്രായപ്പെട്ടു.

ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലേയ്ക്ക് Weekly/ monthly അടിസ്ഥാനത്തിൽ Covid Mobile Testing Unit പോകാൻ കഴിയുമോ എന്നതിന്റെ സാദ്ധ്യതകളെപ്പറ്റി കളക്ടർ ചോദിച്ചു. ടി ഫെസിലിറ്റി നടപ്പിലാക്കാവുന്നതാണെന്ന് റബ്ബർ ബോർഡിൽ നിന്നും അറിയിച്ചു.

മേൽ നിർദ്ദേശങ്ങളിൽ പ്രസക്തമായവ കൂട്ടിച്ചേർത്ത് കരട് എക്സ്പോർട്ട് പ്രമോഷൻ പ്ലാൻ അംഗീകരിക്കുവാൻ തീരുമാനിച്ചു.

കൺവീനർ/ജനറൽ മാനേജർ

ജില്ലാ വ്യവസായ കേന്ദ്രം

കോട്ടയം

ജില്ലാ കളക്ടർ&ചെയർ പേഴ്സൺ

ജില്ലാതല എക്സ്പോർട്ട് പ്രൊമോഷൻ കമ്മിറ്റി

കോട്ടയം

SM/2/8/21